DESPATCHED
On 22/06/2020

12/05/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.667(7)/2013**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 4056/എസ്.ഐ.സി-ജി 6/13

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.സുനിൽ തോമസ്**
**കിണറ്റിൻക്കര പുത്തൻവീട്**
**കൊടുമൺ(കിഴക്ക്) പി.ഒ**
**കൊടുമൺ-691 555**
**പത്തനംതിട്ട** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**കെ.എസ്.ആർ.റ്റി.സി**
**പത്തനംതിട്ട**

2. **അപ്പീൽ അധികാരി**
**സൂപ്രണ്ട്**
**കെ.എസ്.ആർ.റ്റി.സി**
**പത്തനംതിട്ട** } **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും നൽകിയ മറുപടി തൃപ്തികരമല്ലെന്നും, ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. 01.12.2012-ൽ ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ 29.12.12 ൽ മറുപടി നൽകുകയും, ടി മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 30.01.2013 ൽ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും 01.02.2013 അപ്പീൽ അധികാരി നേരിട്ട് ഹാജരാകാൻ അറിയിപ്പു നൽകിയെങ്കിലും

ടിയാൻ ഹാജരാകാത്തതിനാൽ ടിയാന്റെ അഭാവത്തിൽ അപ്പീൽ തീർപ്പാക്കി നൽകുകയും ചെയ്തു.

3. അപ്പീൽ അധികാരി കമ്മീഷനിൽ 10.02.2020 ൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ പെർമിറ്റ് ആവശ്യപ്പെട്ട പത്തനംതിട്ട അടൂർ കൂടൽ വഴി നടത്തിയിരുന്ന കെ.എസ്.ആർ.റ്റി.സി സർവ്വീസ് കളക്ഷൻ കുറവായതിനാൽ നിർത്തലാക്കിയിട്ട് ഏകദേശം 15 വർഷം കഴിഞ്ഞിരിക്കുന്നുവെന്നും, ടി ബസിന്റെ ടൈം ഷീറ്റും റൂട്ട് പെർമിറ്റും സംബന്ധിച്ച രേഖകളും ഇപ്പോൾ റിക്കോർഡുകൾ പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും കാലപ്പഴക്കം കൊണ്ട് ടി ഫയലുകൾ ഡിസ്പോസ് ചെയ്തതാവാനാണ് സാധ്യതയെന്നും, പ്രഥമ അപേക്ഷയിലെ 4–ാം നമ്പർ ജെ.എസ്.പി എ.ഡി.ആർ 5071 പത്തനംതിട്ട എ.റ്റി.ഒ അടൂർ യൂണിറ്റിലേക്ക് ഫീസിബിലിറ്റിക്ക് വേണ്ടി അയച്ചിട്ടുള്ളതാണെന്നും ആയതിന് മറുപടി ടി ഓഫീസിൽ ലഭിച്ചിട്ടില്ലാത്തതുമാണെന്നാണ്. ഹർജിക്കാരന്റെ അപേക്ഷ പരിഗണിച്ച് ജെ.എസ്.പി എ.ഡി.ആർ 5071 നമ്പർ പ്രകാരമുള്ള നിവേദനത്തിൽ പറഞ്ഞിരിക്കുന്ന റൂട്ടിലേയ്ക്ക് ടി യൂണിറ്റൽ നിന്നും ഫീസിബിലിറ്റി തയ്യാറാക്കി ചീഫ് ഓഫീസ് അനുമതിക്കായി 04/2013 ൽ അയയ്ച്ചിട്ടുള്ളതും ആണെന്നാണ്. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയും ജീവനക്കാരുടെ അഭാവവും മൂലം പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഗണിക്കണമെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കാണുന്നതിനാലും, രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്ന് എസ്.പി.ഐ.ഒ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് കമ്മീഷന് ബോധ്യപ്പെട്ടതിനാലും ടി അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു കണ്ട് ഇന്നേദിവസം 2020 മേയ് 12–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

RIGHT TO INFORMATION